E3/78/2023-G.Edn

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - ദേവി വിലാസം ഹയർ സെക്കൻഡറി സ്കൂളിൽ അദ്ധ്യാപികയായി ജോലി ചെയ്തുവരുന്ന ശ്രീമതി രേഖ ആർ-ന്റെ നിയമനം സ്കൂളിലെ സ്ഥിരനിയമനത്തിന് പരിഗണിക്കുന്നതിനായി ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതു വിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.5026/2023/GEDN തീയതി,തിരുവനന്തപുരം, 12-09-2023

---

പരാമർശം:- 1) ദേവി വിലാസം ഹയർ സെക്കൻഡറി സ്കൂൾ മാനേജർ സമർപ്പിച്ച 12/04/2023 തീയതിവെച്ച അപേക്ഷ

2) 25/07/2023 തീയതിയിലെ ഹയർ സെക്കന്ററി വിഭാഗം ജോയിന്റ് ഡയറക്ടറുടെ HSE/6215/2023-Acd C5 നമ്പർ കത്ത്

**ഉത്തരവ്**

ആലപ്പുഴ, കണ്ടങ്കരി, ദേവി വിലാസം ഹയർ സെക്കൻഡറി സ്കൂളിൽ 2014-2015 അധ്യയന വർഷം മുതൽ അദ്ധ്യാപികയായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീമതി രേഖ ആർ-ന്റെ നിയമനം സ്കൂളിലെ സ്ഥിരനിയമനത്തിന് പരിഗണിക്കുന്നതിനായി ഉയർന്ന പ്രായ പരിധിയിൽ ഇളവ് അനുവദിയ്ക്കുന്നതിനായി പരാമർശം (1) പ്രകാരം മാനേജർ നിവേദനം സമർപ്പിച്ചു. ഹയർ സെക്കൻഡറി സ്കൂൾ 2014-15 അധ്യയന വർഷം മുതൽ ആരംഭിച്ചതാണ്. സർക്കാർ സ്കൂൾ അനുവദിച്ചെങ്കിലും തസ്തിക സൃഷ്ടിക്കാത്തതിനാൽ സയൻസ് ബാച്ചിൽ ശ്രീമതി രേഖ ആർ-നെ എച്ച്.എസ്.എസ്റ്റി-ജൂനിയർ (സുവോളജി) തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. ടിയാരി 2014-15 അധ്യയനവർഷം മുതൽ തുടർച്ചയായി ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തു വരികയാണ്. ടി അധ്യാപികയുടെ ജനനത്തീയതി 26/05/1981 ആണ്. ടി അധ്യാപികയെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ 33 വയസ്സായിരുന്നു. എന്നാൽ തസ്തിക നിർണയം വൈകിയതിനാൽ ഈ അധ്യാപികയുടെ നിയമന പ്രായപരിധി നിലവിലെ ചട്ട പ്രകാരമുള്ള വയസ്സിനേക്കാൾ കൂടുതലാണ്. ആയതിനാൽ ടി അധ്യാപികയെ സ്ഥിരനിയമനത്തിന് പരിഗണിക്കാൻ സാധിക്കുന്നില്ല. മുൻവർഷങ്ങളിൽ എല്ലാം തന്നെ 2014-15 അധ്യായന വർഷങ്ങളിൽ പുതിയതായി അനുവദിക്കപ്പെട്ട ഹയർ സെക്കൻഡറി സ്കൂളുകളിൽ തസ്തികകൾ സൃഷ്ടിക്കുമ്പോൾ അവിടെ താൽക്കാലിക അധ്യാപകരായി ജോലി ചെയ്തിരുന്ന അധ്യാപകർക്ക് അവരുടെ താൽക്കാലിക നിയമനം നിയമാനുസൃത പ്രായപരിധിക്കുള്ളിലാണെങ്കിൽ സ്ഥിര നിയമനത്തിന് ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകി ഉത്തരവുണ്ടായിട്ടുള്ളതാകുന്നു. സ.ഉ.(സാധാ)നം.2350/2023/പൊ.വി.വ തീയതി 05/04/2023 പ്രകാരം തസ്തിക സൃഷ്ടിച്ച ഉത്തരവ് ലഭിച്ചതിൽ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (സുവോളജി) തസ്തികയിലേക്ക് ശ്രീമതി രേഖ ആർ-നെ സ്ഥിരനിയമനത്തിന് പരിഗണിക്കുന്നതിനായി ടി അധ്യാപികയുടെ നിയമന ഇന്റർവ്യൂ നടത്തുന്നതിലേക്ക് പ്രായപരിധിയിൽ ഇളവ് അനുവദിച്ച് ഉത്തരവ് നൽകണമെന്ന്

അപേക്ഷിച്ചിരിക്കുന്നു.

2. ഹയർസെക്കന്ററി വിഭാഗം ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീമതി രേഖ ആർ ന്റെ ജനനതീയതി 26.05.1981 ആണ്. 2014-15 ൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ ടിയാരിക്ക് 33 വയസ്സായിരുന്നു നിലവിൽ ശ്രീമതി രേഖ ആർ ന് 41 വയസ് ആണ് പ്രായം. സമാന സാഹചര്യത്തിൽ 26.07.2021 ലെ സ.ഉ.(കൈ)നം.168/2021/പൊ.വി.വ ഉത്തരവ് പ്രകാരം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചു നൽകിയിട്ടുള്ളതിനാൽ പ്രസ്തുത അപേക്ഷ പരിഗണനാർഹമാണെന്നും ആയതിനാൽ അപേക്ഷ ബന്ധപ്പെട്ട ഓഫീസർക്ക് സമർപ്പിക്കാൻ നിർദേശിക്കാവുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2014-15, 2015-16 അദ്ധ്യയന വർഷത്തേയ്ക്ക് അനുവദിച്ച പുതിയ ഹയർ സെക്കന്ററി സ്കൂളുകളിൽ പിന്നീട് സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ സ്ഥിര നിയമനത്തിനായി പരിഗണിക്കപ്പെടുന്ന ഉയർന്ന പ്രായപരിധി കഴിഞ്ഞ ദിവസവേതന ജീവനക്കാർക്ക് ദിവസവേതന നിയമനം നിശ്ചിത പ്രായപരിധിയ്ക്കകത്താണെങ്കിൽ സ്ഥിരനിയമന തീയതി മുതൽ മാത്രം ശമ്പളാനുകൂല്യങ്ങൾ അനുവദിക്കുകയുള്ളൂ എന്ന വ്യവസ്ഥയിൽ ഉയർന്ന പ്രായപരിധിയിൽ 26.07.2021 ലെ സ.ഉ.(കൈ)നം.168/2021/പൊ.വി.വ പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്. ശ്രീമതി രേഖ ആർ നെ 2014-15 ൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ ടിയാരിക്ക് 33 വയസ്സായിരുന്നതിനാൽ മേൽ ഉത്തരവ് പ്രകാരം ടിയാരിയ്ക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവിന് അർഹതയുള്ളതായി കാണുന്നു. ആയതിനാൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്ന സമയത്ത് പ്രായപരിധി അധികരിച്ചിട്ടില്ലാത്ത പക്ഷം, സ്ഥിരനിയമന തീയതി മുതൽ മാത്രം ശമ്പളാനുകൂല്യങ്ങൾ അനുവദിക്കുകയുള്ളൂ എന്ന വ്യവസ്ഥയിൽ, ശ്രീമതി രേഖ ആർ നെ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (സുവോളജി) തസ്തികയിലെ നിയമനത്തിന് പരിഗണിയ്ക്കുന്നതിനായി ഉയർന്ന പ്രായപരിധിയിൽ ഇളവനുവദിച്ച് ഉത്തരവ്വ പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR.D
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കണ്ടറി വിഭാഗം, തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, ചെങ്ങന്നൂർ
മാനേജർ, ദേവി വിലാസം ഹയർ സെക്കൻഡറി സ്കൂൾ, കണ്ടങ്കരി, തായംകരി പി.ഒ, എടത്വ, ആലപ്പുഴ -689573
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Shajahan S
Date: 12-09-2023 13:54:50
സെക്ഷൻ ഓഫീസർ

പകർപ്പ്: പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി